13
ചൊവ്വ
2018 മാർച്ച്
1193 കുംഭം 29

# മക്തബ്

www.makthabdaily.com






## റബർ തോട്ടത്തിന് തീപ്പിടിച്ചു

ആലക്കോട്: മീൻപറ്റി-കരുവഞ്ചാൽ റോഡിലെ ആശാനഗറിൽ ബെന്നിയുടെ റബ്ബർത്തോട്ടത്തിന് തീപ്പിടിച്ചു. കഴിഞ്ഞ ദിവസം രാത്രി രണ്ട് മണിയോടെയാണ് സംഭവം. തീ ആളിപ്പടരുന്നത് ശ്രദ്ധയിൽപ്പെട്ട വഴിയാത്രികർ വിവരമറിയിച്ചതിനെ തുടർന്ന് നാട്ടുകാർ ചേർന്ന് സാഹസികമായി തീ അണച്ചതിനാലാണ് നിരവധി സ്ഥാപനങ്ങളുള്ള ആശാ നഗറിൽ വൻ ദുരന്തമൊഴിവായത്.

## നവവധുവിനെ തട്ടിക്കൊണ്ടുപോയി ബലാൽസംഗം ചെയ്തതിന് 3 പേർക്കെതിരെ കേസ്

കാസർക്കോട്: നവവധുവിനെ ചതിയിൽപ്പെടുത്തി തട്ടിക്കൊണ്ടുപോയി ബലാൽസംഗം ചെയ്തതിന് മൂന്നുപേർക്കെതിരെ പോലീസ് കേസെടുത്തു. പത്തൊമ്പതുകാരിയുടെ പരാതിയിലാണ് കേസ്. ഗൾഫുകാരന്റെ ഭാര്യയാണ് കാസർക്കോട് ടൗണിനടുത്ത യുവതി. ആറ് മാസം മുമ്പായിരുന്നു വിവാഹം. ഭർത്താവ് ഇപ്പോൾ ഗൾഫിലാണ്. യുവതി പഠനകാലത്ത് തന്നെ മദ്യപിക്കാറുണ്ടായിരുന്നത്രെ. 2004 മുതൽ മംഗലാപുരത്തെ ബിയർ പാർലറുകളിലും മറ്റും ചെന്ന് മദ്യപിക്കാറുണ്ടായിരുന്ന യുവതിക്ക് വിവാഹ ശേഷം മദ്യം കിട്ടാതെയായി. ഇതോടെ ഒരു ബന്ധുവിന്റെ സഹായത്തോടെ മദ്യം വാങ്ങിക്കാൻ തുടങ്ങി. ഈ ബന്ധു യുവതിയെ മംഗലാപുരത്ത് കൊണ്ടുപോയി രണ്ടുപേർക്കൊപ്പം ബലാൽസംഗം ചെയ്തുവെന്നാണ് പരാതി.

## കീഴാറ്റൂർ സമരനേതാവ് നമ്പ്രാടത്ത് ജാനകിയെ സി.പി.എമ്മുകാരൻ ഭീഷണിപ്പെടുത്തിയെന്ന്

തളിപ്പറമ്പ: കീഴാറ്റൂർ നെൽവയൽ സംരക്ഷണത്തിന് നേതൃത്വം നൽകുന്ന നമ്പ്രാടത്ത് ജാനകിയെ സി.പി.എം പ്രവർത്തകൻ ഭീഷണിപ്പെടുത്തിയതായി പരാതി. ഇന്ന് രാവിലെ കീഴാറ്റൂർ വയലിൽ വച്ച് കെ.പി.പ്രകാശൻ എന്നയാൾ ഭീഷണിപ്പെടുത്തിയെന്നാണ് പരാതി. "നീ വയലിൽ നിന്ന് നെല്ല് വിളയിച്ച് ബി.ജെ.പിക്കാർക്ക് കഞ്ഞിയുണ്ടാക്കി കൊടുക്കുമോടി, കുടുംബത്തെ അടക്കം ഇല്ലാതാക്കികളയും' എന്ന ഭീഷണി മുഴക്കി അസഭ്യവർഷം ചൊരിഞ്ഞുവെന്നാണ് പറയുന്നത്.

കീഴാറ്റൂർ നെൽവയൽ സംരക്ഷണത്തിന് ദിവസങ്ങളോളം നിരാഹാരം അനുഷ്ഠിച്ച വയോധികയാണ് ജാനകി. സി.പി.എം നേതാക്കളായ ഇ.പി.ജയരാജനും പി.കെ.ശ്രീമതിക്കും എതിരേ അസഭ്യ ഫെയ്സ്ബുക്ക് പോസ്റ്റിട്ടതിന് സി.പി.എം ബ്രാഞ്ച് സെക്രട്ടറിയായിരുന്ന കെ.പി.പ്രകാശനെ സെക്രട്ടറി സ്ഥാനത്ത് നിന്ന് പുറത്താക്കിയിരുന്നു.

### മലപ്പുറത്ത് വാഹനാപകടം

# കേളകം സ്വദേശിയും പേരക്കുട്ടിയും മരിച്ചു

മലപ്പുറം: മലപ്പുറം ദേശീയ പാതയിൽ സ്വകാര്യ ബസ് കാറിലിടിച്ച് മധ്യവയസ്കനും പേരക്കുട്ടിയും മരിച്ചു. കണ്ണൂർ കേളകം ആനയാണ്ടകരി സ്വദേശി മാടപ്പള്ളിക്കുന്നേൽ ഡൊമിനിക്ക് (ടോമി-55), മകളുടെ മകൻ ഡാൻ ജോർജ് (മൂന്ന്) എന്നിവരാണ് മരണമടഞ്ഞത്. ഡൊമിനിക്കിന്റെ ഭാര്യ മേഴ്സി (52), മകളുടെ ഭർത്താവ് ജോർജ് ദേവസ്യ (31) എന്നിവരെ പരിക്കുകളോടെ കോഴിക്കോട് മെഡി. കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു.



*മരണമടഞ്ഞ ഡൊമിനിക്കും കൊച്ചുമകൻ ഡാൻജോർജും*



*അപകടത്തിൽ നിശേഷം തകർന്ന കാർ*

രണ്ടത്താണിയിൽ ഇന്ന് പുലർച്ചെ ഒരുമണിയോടെയായിരുന്നു അപകടം. തൃശൂർ ഭാഗത്ത് നിന്ന് പുൽപ്പള്ളിയിലേക്ക് പോവുകയായിരുന്ന സോണിയ ബസാണ് ഡൊമിനിക്കും കുടുംബവും സഞ്ചരിച്ച കാറിലിടിച്ചത്. ബസ് അമിത വേഗതയിലായിരുന്നുവത്രെ. കൂട്ടിയിടിയിൽ കാർ പൂർണ്ണമായും തകർന്നു. ഡൊമിനിക്കും കൊച്ചുമകനും സംഭവ സ്ഥലത്ത് തന്നെ മരിച്ചു.

മരണമടഞ്ഞ ഡാൻ ജോർജിന്റെ അമ്മ വിദേശത്താണ്. ഭർത്താവ് ജോർജും മകൻ ഡാൻ ജോർജും വിദേശത്തേക്ക് പോകുന്നതിന് നെടുമ്പാശേരി വിമാനത്താവളത്തിലേക്ക് പുറപ്പെട്ടതായിരുന്നു. ഇവരെ യാത്രയയക്കാനാണ് ഡൊമിനിക്കും ഭാര്യ മേഴ്സിയും ഒപ്പം ചെന്നത്. പരിക്കേറ്റവരെ കോട്ടക്കൽ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച് പ്രഥമ ശുശ്രൂഷ നൽകിയ ശേഷമാണ് കോഴിക്കോടേക്ക് മാറ്റിയത്. മരണമടഞ്ഞവരുടെ മൃതദേഹം കോഴിക്കോട് മെഡി. കോളേജാശുപത്രി മോർച്ചറിയിലേക്ക് മാറ്റി. പോസ്റ്റുമോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുക്കും.

## വയൽക്കിളികളുടെ അവകാശവാദം നിഷേധിച്ച് സി.പി.എം

തളിപ്പറമ്പ: ബൈപ്പാസിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് കീഴാറ്റൂർ വയൽ ഉടമകൾ സമ്മതപത്രം നൽകിയിട്ടില്ലെന്ന വയൽക്കിളികളുടെ അവകാശവാദത്തെ നിഷേധിച്ച് സി.പി.എം ഭൂ ഉടമകളെ അണിനിരത്തി വാർത്താസമ്മേളനം നടത്തി. കീഴാറ്റൂർ ഇ.എം.എസ് സ്മാരക വായനശാലയിൽ നടന്ന വാർത്താസമ്മേളനത്തിൽ വയൽ ഉടമകളാണെന്ന് പറയുന്ന 50 ഓളം പേരെ സി.പി.എം അണിനിരത്തി. വയൽ ഏറ്റെടുക്കലിന് എതിര് നിൽക്കുന്ന കർഷകർ എന്ന പേരിൽ വയൽക്കിളികൾ ഇന്നലെ വാർത്താസമ്മേളനത്തിൽ വിതരണം ചെയ്ത പട്ടികയിൽ ഉൾപ്പെട്ട നിരവധി പേർ ഹാജരായവരുടെ കൂട്ടത്തിലുണ്ടെന്ന് സി.പി.എം നേതാക്കൾ അവകാശപ്പെട്ടു.

വയൽ ഏറ്റെടുക്കുന്നതിന് പിറകിൽ യാതൊരുവിധ സ്ഥാപിത താൽപ്പര്യവുമില്ല. പുറത്തുനിന്നുള്ളവർ കടന്നുവന്ന് കുഴപ്പമുണ്ടാക്കുമെന്ന് തങ്ങൾ ആദ്യം മുതൽ പറഞ്ഞ കാര്യം കഴിഞ്ഞ ദിവസം നടന്ന കൊടി പറിക്കൽ, വധശ്രമ സംഭവങ്ങളിലൂടെ യാഥാർത്ഥ്യമാണെന്ന് തെളിഞ്ഞിരിക്കുകയാണ്. ജനങ്ങളുടെ താൽപ്പര്യം കണക്കിലെടുത്ത് പരമാവധി വിട്ടുവീഴ്ച ചെയ്യുകയെന്ന സമീപനമാണ് പാർട്ടി സ്വീകരിക്കുന്നത്. 16ന് പ്രദേശത്തെ മുഴുവൻ ആളുകളുടെയും യോഗം വിളിച്ചുചേർത്ത് എം.എൽ.എ വീണ്ടും പ്രശ്നങ്ങൾ ചർച്ച ചെയ്യും. ചുടല-കുറ്റിക്കോൽ ബൈപ്പാസിന് വേണ്ടി മറ്റെല്ലാ പ്രദേശക്കാരും സഹകരിക്കുമ്പോൾ ഒരു ചെറിയ പ്രദേശത്തെ ഏതാനും പേർ മാത്രം എതിർപ്പ് പ്രകടിപ്പിക്കുന്നത് ശരിയല്ലെന്നും നേതാക്കൾ പറഞ്ഞു.

ഏരിയാ സെക്രട്ടറി പി.മുകുന്ദൻ, ഏരിയാ കമ്മിറ്റിയംഗങ്ങളായ കെ.മുരളീധരൻ, ടി.ബാലകൃഷ്ണൻ, ലോക്കൽ സെക്രട്ടറി പുല്ലായിക്കൊടി ചന്ദ്രൻ, കെ. ബിജുമോൻ എന്നിവർ വാർത്താസമ്മേളനത്തിൽ സംബന്ധിച്ചു.

## സി.പി.എം പ്രവർത്തകന്റെ ബൈക്കിൽ റീത്തുവെച്ചുവെന്ന്

തളിപ്പറമ്പ: കീഴാറ്റൂരിലെ സി.പി.എം പ്രവർത്തകൻ കല്ലമ്പള്ളി ഷൈജുവിന്റെ ബൈക്കിൽ റീത്ത് വെച്ചതായി സി.പി.എം നേതാക്കൾ വാർത്താസമ്മേളനത്തിൽ ആരോപിച്ചു. ഇന്ന് രാവിലെയാണ് റീത്ത് കാണപ്പെട്ടത്. ഇതുസംബന്ധിച്ച് പോലീസിൽ പരാതി നൽകി. സി.പി.എം പ്രവർത്തകൻ കെ.പി.പ്രകാശന്റെ ഭാര്യ പത്മിനിയെ അക്രമിക്കാൻ വയൽക്കിളികൾ ശ്രമിച്ചതായും പരാതിയുണ്ട്.

## സി.പി.എമ്മുകാരന്റെ കൊല: ഏഴ് വർഷത്തിന് ശേഷം തളിപ്പറമ്പുകാരൻ പിടിയിൽ

കണ്ണൂർ: കോലത്തുവയലിലെ സി.പി.എം പ്രവർത്തകൻ മനോജിനെ വധിച്ച കേസിൽ ഏഴ് വർഷത്തിന് ശേഷം ബി.ജെ.പിക്കാരനെ പിടികൂടി. തളിപ്പറമ്പ് പുളിമ്പറമ്പ് അത്താഴക്കുന്ന് വളപ്പിൽ പുരുഷോത്തമൻ (31)നെയാണ് കണ്ണൂർ ടൗൺ സി.ഐ ടി.കെ. രത്നകുമാർ അറസ്റ്റ് ചെയ്തത്.

2011 ജനുവരി 17നാണ് മനോജ് കൊല്ലപ്പെട്ടത്. കേസിലെ ഒമ്പത് പ്രതികളിൽ ആറുപേരെ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. സെൻകുമാർ ഡി.ജി.പിയായിരിക്കെ കേസ് പുനരന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചിരുന്നു. ഇതേ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് പുരുഷോത്തമൻ കുടുങ്ങിയത്. ഇരിക്കൂർ പെരുവളത്ത്പറമ്പിലാണ് പുരുഷോത്തമന്റെ ഭാര്യ വീട്. അവിടെ വെച്ചാണ് പിടികൂടിയത്.

## കഞ്ചാവുമായി രണ്ടുപേർ പിടിയിൽ

കണ്ണൂർ: എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് നടത്തിയ പരിശോധനയിൽ 23 ഗ്രാം കഞ്ചാവുമായി രണ്ട് യുവാക്കളെ പിടികൂടി. ചെങ്ങളായിലെ കെ.പി.സിറാജി(26)ന്റെ പക്കൽ നിന്നും 12 ഗ്രാമും ശ്രീകണ്ഠപുരത്തെ ടി.എച്ച്.ഹസനിൽ (28)നിന്ന് 11 ഗ്രാം കഞ്ചാവുമാണ് പയ്യാമ്പലം ബീച്ചിനടുത്ത് വെച്ച് പിടികൂടിയത്. സ്പെഷ്യൽ സ്ക്വാഡ് ഇൻസ്പെക്ടർ സി.വി.ദിലീപ്, പ്രിവന്റീവ് ഓഫീസർ എം.പി.സർവജ്ഞൻ, സിവിൽ എക്സൈസ് ഓഫീസർമാരായ എം.സജിത്ത്, പി.ടി.ഷരത്ത്, ഒ.ലിമേഷ്, പങ്കജാക്ഷൻ, പി.എം.കെ.സജിത്ത്കുമാർ, സി.ടി.ലതീഷ് എന്നിവരും പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

## മട്ടന്നൂരിൽ ബി.ജെ.പി നേതാവിന്റെ കാർ തകർത്തു

മട്ടന്നൂർ: ബി.ജെ.പി നേതാവിന്റെ വീട്ടുമുറ്റത്ത് നിർത്തിയിട്ട കാറിന് നേരെ അക്രമം. ബി.ജെ.പി സംസ്ഥാന കൗൺസിലംഗം മട്ടന്നൂർ പെരിഞ്ചേരിയിലെ പി.വി. വിജയന്റെ കെ.എൽ. 58 സി. 3512 ആൾട്ടോ കാറാണ് അക്രമിക്കപ്പെട്ടത്. ഇന്ന് രാവിലെ ആറ് മണിയോടെയാണ് കാറിന്റെ പിറകിലെ ഗ്ലാസ് തകർത്തത് വീട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടത്. സി.പി.എമ്മുകാരാണ് അക്രമത്തിന് പിറകിലെന്നാണ് ആരോപണം. രണ്ട് വർഷം മുമ്പ് ഇതേ കാറിന് നേരെ ബോംബേറ് നടന്നിരുന്നു. വർഷങ്ങൾക്ക് മുമ്പ് അക്രമത്തിൽ കാൽ നഷ്ടപ്പെട്ട ആർ.എസ്.എസ് നേതാവ് ഉരുവച്ചാലിലെ സദാനന്ദൻ മാസ്റ്ററുടെ ജ്യേഷ്ഠനാണ് വിജയൻ.




*ബി.ജെ.പി പ്രവർത്തകൻ വിജയന്റെ തകർക്കപ്പെട്ട കാർ*

## ലഹരി വിൽപ്പന; പ്രതിക്ക് തടവും പിഴയും

കണ്ണൂർ: കഴിഞ്ഞ ഫിബ്രവരി എട്ടിന് കടലായി ബീച്ച് റോഡിൽ വെച്ച് വിൽപ്പനക്ക് വെച്ച ലഹരി വസ്തുക്കളുമായി പിടിയിലായ ആൾക്ക് തടവും പിഴയും. പി.കെ.ബഷീറിനെയാണ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് (രണ്ട്) ഇ.രഞ്ചിത്ത് 5000 രൂപ പിഴയടക്കാനും ഒരു മാസം തടവിനും ശിക്ഷിച്ചത്. കണ്ണൂർ റെയിൽവേ സ്റ്റേഷന് മുന്നിലെ റോഡിൽ വാഹനം അനധികൃതമായി പാർക്ക് ചെയ്ത കേസിൽ കാഞ്ഞിരോട് തെരുവിലെ കൃഷ്ണ(55)നെ 200 രൂപ പിഴയടക്കാൻ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് (ഒന്ന്) എ.സി.ആന്റണി ശിക്ഷിച്ചു.

## തിയ്യ സമുദായ ശ്മശാന ഓഫീസിന് തീയിട്ടു

തലശേരി: തിയ്യ സമുദായ ശ്മശാന പരിപാലന കമ്മിറ്റിയുടെ ഗോഡൗണും ഓഫീസും സാമൂഹ്യദ്രോഹികൾ തീവെച്ച് നശിപ്പിച്ചു. തലശേരി പഴയ ലോട്ടസ് ടാക്കീസിന് സമീപത്തെ ശ്മശാന ഓഫീസും ഗോഡൗണുമാണ് അഗ്നിക്കിരയാക്കിയത്. പൂട്ട് കുത്തിപ്പൊളിച്ച് അകത്തു കടന്ന സംഘമാണ് തീയിട്ട് നശിപ്പിച്ചത്. ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള സാധന സാമഗ്രികൾ കത്തി നശിച്ചിട്ടുണ്ട്. പരിസരവാസികൾ വിവരം അറിയിച്ചതിനെ തുടർന്ന് തലശേരിയിൽ നിന്നും അഗ്നിശമനസേനയെത്തിയാണ് തീ നിയന്ത്രണ വിധേയമാക്കിയത്. മൃതദേഹങ്ങൾ സംസ്കരിക്കാനായി സൂക്ഷിച്ച ചിരട്ടകൾ, വിറകുകൾ, ഓഫീസിന്റെ മേൽക്കൂരയിലെ ഓടുകൾ മുതലായവ കത്തിനശിച്ചു. തീപ്പിടിത്തം സംബന്ധിച്ച് ശ്മശാന പരിപാലന കമ്മിറ്റി ഭാരവാഹികൾ പോലീസിൽ പരാതി നൽകി.

(ഫോട്ടോ നാലാം പേജിൽ)

## കതിരൂർ മനോജ് വധം: വാദത്തിന് കൂടുതൽ സമയം വേണമെന്ന പി.ജയരാജന്റെ ആവശ്യം കോടതി നിരാകരിച്ചു

എറണാകുളം: കതിരൂർ മനോജ് വധക്കേസിൽ വാദത്തിന് കൂടുതൽ സമയം നൽകണമെന്ന സി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടറി പി.ജയരാജന്റെ ആവശ്യം ഹൈക്കോടതി നിരാകരിച്ചു. രണ്ട് മൂന്ന് ദിവസം കൊണ്ട് കേസിൽ വാദം പൂർത്തിയാക്കി വിധി പുറപ്പെടുവിക്കേണ്ടതുണ്ടെന്ന് ജസ്റ്റിസ് കമാൽപാഷ ചൂണ്ടിക്കാണിച്ചു. കേസിൽ ഇന്ന് കോടതി മുമ്പാകെ വാദം തുടങ്ങി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കേസുകളിൽ യു.എ.പി.എ ചുമത്താൻ അവകാശമുണ്ടെന്ന് സി.ബി.ഐ അഭിഭാഷകൻ വാദിച്ചു. സി.ബി.ഐക്ക് കേസ് അന്വേഷണത്തിന് സർക്കാരിന്റെ അനുമതിയുടെ ആവശ്യമില്ലെന്ന് ഹൈക്കോടതി വാക്കാൽ നിരീക്ഷിക്കുകയും ചെയ്തു. കേസിന്റെ അനുബന്ധ കുറ്റപത്രത്തിൽ പ്രതികൾക്കെതിരെ യു.എ.പി.എ ചുമത്തിയതിനെതിരെയാണ് ജയരാജനടക്കമുള്ള പ്രതികൾ ഹർജി നൽകിയത്. സംസ്ഥാന സർക്കാരിന്റെ അനുമതിയില്ലാതെയാണ് യു.എ.പി.എ ചുമത്തിയതെന്നായിരുന്നു പ്രതികളുടെ ഹർജി.

## പഞ്ചായത്ത് ഹൈവേയിലെ കള്ളുഷാപ്പുകളും തുറക്കാം

എറണാകുളം: പഞ്ചായത്ത് പരിധിയിൽ ദേശീയപാതയ്ക്ക് അരികെയുള്ള കള്ളുഷാപ്പുകൾ തുറക്കാൻ സുപ്രീംകോടതി അനുമതി നൽകി. നേരത്തെ നഗരസഭ പരിധിയിലെ ദേശീയ പാതയ്ക്ക് അരികെയുള്ള കള്ള് ഷാപ്പ് തുറക്കാൻ അനുമതി നൽകിയിരുന്നു. ഈ വിധി പഞ്ചായത്തുകൾക്കും ബാധകമാണെന്ന് സുപ്രീംകോടതി വ്യക്തമാക്കി.

## 18 കാരി ബസ് ഡ്രൈവർക്കൊപ്പം ഒളിച്ചോടി; ഡ്രൈവറുടെ സഹോദരനെ ഒരു സംഘം തട്ടിക്കൊണ്ടുപോയി

വെള്ളരിക്കുണ്ട്: 18 കാരിയായ വിദ്യാർത്ഥിനി ബസ് ഡ്രൈവർക്കൊപ്പം ഒളിച്ചോടി. കനകപ്പള്ളിയിലെ സോണ (18)ആണ് കരിവെള്ളടക്കത്തെ ഡ്രൈവർ ജിജോക്കൊപ്പം ഒളിച്ചോടിയത്. ഇതോടെ ഇന്നലെ രാത്രി ബിജോയിയുടെ സഹോദരൻ ജിസ്ത്തിനെ ബൊലേറോ കാറിലെത്തിയ ഒരു സംഘം തട്ടിക്കൊണ്ടുപോവുകയായിരുന്നത്രെ. രാത്രി 8.30ഓടെയാണ് തട്ടിക്കൊണ്ടുപോയത്. ജിസ്ത്തിനെ സുള്ള്യയിലെ ഒരു കേന്ദ്രത്തിൽ ബന്ദിയാക്കിയിരിക്കുകയാണെന്ന് പോലീസിന് സൂചന ലഭിച്ചിട്ടുണ്ട്.

## ചിട്ടി പണം നൽകിയില്ല; വനിതാ സംഘത്തിലെ 12 പേർക്കെതിരെ കേസ്

ശ്രീകണ്ഠപുരം: പയ്യാവൂർ റോഡരികിൽ പ്രവർത്തിക്കുന്ന കോൺഗ്രസ് നിയന്ത്രണത്തിലുള്ള ശ്രീകണ്ഠപുരത്തെ ഇരിക്കൂർ ബ്ലോക്ക് വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ തവണകളായി അടച്ച തുക കാലാവധി എത്തിയിട്ടും നൽകാതെ വഞ്ചിച്ചതിന് 12 പേർക്കെതിരെ കേസെടുത്തു.

കരുവഞ്ചാൽ വെള്ളാട് സ്വദേശി നോബിൾ ജോസഫിന്റെ പരാതിയിൽ വനിതാ സൊസൈറ്റി മുൻ സെക്രട്ടറിയും നിലവിൽ പ്രസിഡണ്ടുമായ ശ്രീകണ്ഠപുരം സി.എച്ച്. നഗറിലെ കുന്നുംപുറത്ത് നാഗന്നൂലിൽ മേരി ജോൺ, ഡയറക്ടർമാരും പിഗ്മി കലക്ഷൻ ഏജന്റുമാരുമായ ശ്രീകണ്ഠപുരത്തെ പുല്ലാഞ്ഞി ശാന്ത, കാഞ്ഞിരക്കൊല്ലിയിലെ കുമ്മിണിയിൽ തങ്കമ്മ, കുളത്തിൽപറമ്പിൽ മേരിക്കുട്ടി, പെരുവളത്ത്പറമ്പിലെ ശോഭന ജയകുമാർ, പാറോട്ടകത്ത് സക്കീന, കോട്ടൂരിലെ നാലോരിക്കലെ സാലി ജോസഫ്, നിലവിലെ സെക്രട്ടറി ഐച്ചേരിയിലെ തൊട്ടിയിൽ സൗമ്യ, നെടുങ്ങോത്തെ പയ്യൻ ഭാർഗവി, നിടിയേങ്ങ പെരുമ്പറമ്പിലെ കുളത്തിൽ പറമ്പിൽ സെലിൻ, കോട്ടൂരിലെ പടിഞ്ഞാക്കര, ഷീബന, ശ്രീകണ്ഠപുരത്തെ കെ.എം. പത്മാവതി എന്നിവരുടെ പേരിലാണ് കേസ് രജിസ്റ്റർ ചെയ്തത്.

സംഭവം സംബന്ധിച്ച് നോബിൾ ജോസഫ് തളിപ്പറമ്പ് കോടതിയിൽ ഹരജി നൽകിയിരുന്നു. കേസെടുത്ത് അന്വേഷിക്കാൻ കോടതി ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു. നോബിൾ ജോസഫിന്റെ 1,85,440 രൂപയുടെ ചിട്ടി കാലാവധി പൂർത്തിയാക്കിയിരുന്നു. എന്നാൽ പണം കെട്ടിക്കൊടുത്തില്ല. സ്ഥിര നിക്ഷേപമാക്കി മാറ്റിയാൽ കൂടുതൽ പലിശ നൽകാമെന്ന വാഗ്ദാനം വിശ്വസിച്ച് നോബിൾ ജോസഫ് അതിനും തയ്യാറായി. എന്നാൽ നിക്ഷേപ തുക തിരിച്ച് നൽകാതെ കബളിപ്പിക്കുകയായിരുന്നു. തുടർന്നാണ് കോടതിയിൽ സ്വകാര്യ അന്യായം ഫയൽ ചെയ്തത്.

# ചെറുപുഴയിൽ ഉപരോധത്തിനിടെ സംഘർഷം; ആലക്കോട്ടെയും ജപ്തി തടയുമെന്ന് കർഷകർ

ആലക്കോട്: വായ്പ കുടിശികയുടെ പേരിൽ മലയോരത്തെ കർഷകരെ ജപ്തി ചെയ്യുന്ന ബാങ്കുകൾക്കെതിരെ കർഷക കോൺഗ്രസ് നേതൃത്വത്തിൽ സമരം ശക്തമാകുന്നു. ഇന്നലെ തളിപ്പറമ്പ് കാർഷിക വികസന ബാങ്കിന്റെ ചെറുപുഴ ശാഖയിൽ നടത്താൻ നിശ്ചയിച്ച ജപ്തി നടപടികൾ കർഷക കോൺഗ്രസ് പ്രവർത്തകർ തടഞ്ഞിരുന്നു. ബാങ്ക് ഉപരോധിച്ച് നടന്ന സമരത്തെത്തുടർന്ന് സെയിൽ ഓഫീസർക്ക് ബാങ്കിൽ പ്രവേശിക്കാൻ കഴിഞ്ഞിരുന്നില്ല. ഇതിനിടെ ബാങ്കിന് മുന്നിൽ സംഘർഷാവസ്ഥ ഉടലെടുക്കുകയും ചെയ്തിരുന്നു. സമരാനുകൂലികളും ബാങ്കിലെ ചില ജീവനക്കാരും തമ്മിലാണ് കൈയാങ്കളിയുണ്ടായത്. പരസ്പരമുള്ള പിടിവലിയിൽ രണ്ടുപേരുടെ ഷർട്ടുകൾ കീറുകയും ചെയ്തു. പിന്നീട് നേതാക്കളും മറ്റ് ജീവനക്കാരും ഇടപ്പെട്ടാണ് പ്രശ്നം പരിഹരിച്ചത്. ഉദയഗിരി, ആലക്കോട് മേഖലകളിലെ കടക്കെണിയിലായ കർഷകരുടെ ഭൂമി അടുത്ത ദിവസങ്ങളിൽ ജപ്തി ചെയ്യുന്നതിനാണ് ബാങ്കിന്റെ തീരുമാനം. ആലക്കോട് ബ്രാഞ്ചിൽ വെച്ച് നടക്കുന്ന ഈ ജപ്തി നടപടികളും തടയുമെന്നാണ് കർഷക കോൺഗ്രസിന്റെ പ്രഖ്യാപനം. ആലക്കോട് മേഖലയിലെ 40 ഓളം കർഷകരാണ് ജപ്തി ഭീഷണിയിൽ കഴിയുന്നത്. ബ്ലെയ്ഡ് ഇടപ്പാടുകളിലും കടബാധ്യതകളിലും കുടുങ്ങി ആത്മഹത്യ ചെയ്തവരുടെ സ്ഥലവും ജപ്തി ചെയ്യുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.